# ക്രൈം മുതൽ ഫയർ വരെ

വേശ്യകളെക്കുറിച്ച് ഒരു പ്രമാണമുണ്ട് - സമൂഹം അവരെ അധിക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതേ സമൂഹത്തി




ൻെറ ആവശ്യവും സൃഷ്ടിയുമാണ് അവർ എന്ന്. സമൂഹം നിർണ്ണയിച്ച ലൈംഗീക സദാചാരമൂല്യങ്ങൾക്കുള്ളിൽ തൃപ്തിനേടാനാവാത്തവരുടെ ആഗ്രഹപൂർത്തീകരണത്തിന് വേശ്യ എന്ന സ്ഥാപനം ആവശ്യമാണ്. സമൂഹം നിർണ്ണയിച്ച സദാചാരചട്ടക്കൂട്ടുകളുടെ പരിമിതിയാണ് വേശ്യയെ സൃഷ്ടിക്കുന്നത്. വേശ്യ ഒഴിവാക്കാനാവാത്ത ഒരു കറവ് ആണ്.

ക്രൈംസ്റ്റാർ, പാൽക്കോ ക്രൈം, ഫയർ, ആത്മാഭിമാനി, സിനിമാഗ്ലാമർ ............ മലയാളത്തിലെ പുതിയ ച്ചൂടപ്പവാരികകളുടെ നിരയെ നോക്കുക. പരസ്യമായി വാങ്ങാനും പരസ്യമായിരുന്നു വായിക്കാനും മടിയുണ്ടെങ്കിലും മലയാളിയുടെ വായനയുടെ പുതിയ ഹരമായി തീർന്നിരിക്കുന്ന പുതിയ ഒരുനിര പ്രസിദ്ധീകരണങ്ങൾ.

എന്തുകൊണ്ട് അവ ജനപ്രിയമായി? എന്താണ് ഈ പ്രസിദ്ധീകരണങ്ങളുടെ സാമൂഹ്യപ്രസക്തി?

നമ്മുടെ മനോരമയ്ക്കും മാതൃഭൂമിയ്ക്കും ദേശാഭിമാനിക്കും ജന്മഭൂമിക്കുമൊക്കെ വ്യക്തമായ രാഷ്ട്രീയതാല്പര്യങ്ങളും അതിലേറെ ബിസിനസ്സ് താല്പര്യങ്ങളുമുണ്ട്. ഈ താല്പര്യങ്ങളുടെ സംരക്ഷണാർത്ഥം പല വാർത്തകളും വസ്തുതകളും അവർക്ക് പൂഴ്ത്തിവയ്ക്കേണ്ടിവരുന്നു. രാഷ്ട്രീയ - സാമുദായിക- ആദ്ധ്യാത്മിക - വ്യാവസായിക മേഖലകളിലെ വമ്പന്മാരും കൊമ്പന്മാരും ബന്ധപ്പെട്ട എല്ലാ വർത്തമാനങ്ങളും ഈ പത്രങ്ങൾക്ക് മുക്കേണ്ടിവരുന്നു.

പി.ഇ. ഉഷയെ ബസ്സിൽ ലൈംഗികമായി ആക്രമിച്ച സംഭവത്തെ ആസൂത്രിതമായി അവതരിപ്പിച്ച് ഒരു സംഭവമാക്കിയ മനോരമയ്ക്ക് കുഞ്ഞാലിക്കുട്ടിയും എസ്. കൃഷ്ണകുമാറും ഉൾപ്പെട്ട കോതമംഗലം പെൺവാണിഭകേസ്സും ഐസ്ക്രീം പാർലർ കേസ്സും സഭ പ്രതിക്കൂട്ടിലാവുന്ന അഭയാകേസ്സും ഒക്കെ കണ്ടില്ലെന്നു നടിക്കേണ്ടിവരുന്നു. അഥവാ അവിടെയും ഇവിടെയും തൊടാതെ അവതരിപ്പിച്ച് രക്ഷപ്പെടേണ്ടിവരുന്നു. മുൻ കേരളാമുഖ്യമന്ത്രിയുടെ മകനും ഭാവിയിലെ മുഖ്യമന്ത്രിസ്ഥാനാർത്ഥിയുമായ യുവനായകനെ തൃശ്ശൂർ രാമനിലയത്തിൽ നിന്ന് സിനിമാനടിയോടൊപ്പം പോലീസ് പിടിച്ചതും വിട്ടതും എല്ലാ പത്രങ്ങൾക്കും വിഴുങ്ങേണ്ടിവരുന്നു. അങ്ങിനെ എത്രയോ സംഭവങ്ങൾ.

വാഴ്ത്തപ്പെട്ടവരെ സംബന്ധിച്ച അഴിമതിക്കഥകളും അപവാദകഥകളും കേൾക്കുകയെന്നത് എല്ലാ സമൂഹത്തിനും ഇഷ്ടമുള്ള കാര്യമാണ്. നമ്മുടെ പത്രങ്ങൾ വാർത്തകളിൽ നിന്നും 'സ്റ്റോറികളി'ലേയ്ക്ക് മാറുകയും അത്തരമൊരു പൈങ്കിളിവായനാസംസ്കാരം പത്രവായനക്കാരൻെറ ശീലമാക്കുകയും ചെയ്യെങ്കിലും അവർ തന്നെ ഉണർത്തിവിട്ട വികാരത്തെ പൂർണ്ണമായി തൃപ്തിപ്പെടുത്താനാവാത്ത ബന്ധനങ്ങളിലാണ് അവർ. ഈ വിടവിലേയ്ക്കാണ് ക്രൈമും ഫയറുമൊക്കെ കടന്നുവന്നത്.

നായനാർ, വെള്ളാപ്പള്ളി നടേശൻ, കുഞ്ഞാലിക്കുട്ടി, ശോഭനാജോർജ്, ബിഷപ്പ് കുണ്ടുകളം, സുകുമാർ അഴിക്കോട്,................ എന്നിങ്ങനെ മറ്റു പത്രങ്ങൾ പേരെടുത്തുപറയാൻ വിറയ്ക്കുന്ന പ്രമുഖരെക്കുറിച്ച് കേട്ട നേർത്ത അപവാദങ്ങൾ പോലും വമ്പൻ സ്റ്റോറികളാക്കി അവതരിപ്പിക്കാനും ഇത്തരം പ്രമുഖരെ മറയില്ലാതെ ആക്രമിക്കാനും ഇത്തരം പ്രസിദ്ധീകരണങ്ങൾ, പ്രത്യേകിച്ച് നന്ദകുമാറിൻെറ പത്രാധിപത്യത്തിലുള്ള ക്രൈം (സ്റ്റാർ) നടത്തിയ ചങ്കൂറ്റമാണ് ഇത്തരം പ്രസിദ്ധീകരണങ്ങളെ ഹിറ്റാക്കിയത്. പ്രമുഖരെക്കുറിച്ച് അപവാദം പറയാനും കേൾക്കാനും പണ്ടേ ഇഷ്ടമുള്ള മലയാളിക്ക് ഈ വിട്ടുവായന്മാരെ പെട്ടെന്ന് ഇഷ്ടപ്പെട്ടു. അത്രമാത്രം.

ഇത്തരം പ്രസിദ്ധീകരണങ്ങളിൽ വരുന്ന പകുതിയോളം മാറ്ററുകളും വെറും അടിസ്ഥാനമില്ലാത്ത ആരോപണങ്ങളോ ഊഹോപോഹങ്ങളോ ആണ്. അതേസമയം വ്യക്തമായ തെളിവിന് കാത്തുനിൽക്കാതെ കുറെ അഴിമതികൾ ജനങ്ങളോട് വിളിച്ചുപറയുന്നു എന്ന മേന്മയും ഇവയ്ക്കുണ്ട്.

ശ്രീനാരായണഗുരുവിൻെറ സിനിമ പിടിക്കാനെന്നുപറഞ്ഞ് വെള്ളാപ്പള്ളി നടേശനും കൂട്ടരും സമാഹരിച്ച പണത്തെക്കുറിച്ചോ, ചാലക്കുടിയിലെ സ്വീറ്റി വധക്കേസ്സിൽ ആല്ലക്കാസ് സ്ഥാപനങ്ങളുടെ ഉടമയ്ക്കുള്ള പങ്കിനെക്കുറിച്ചോ, വിതുര പെൺവാണിഭകേസ്സിൽ നായനാർ ഇടപെട്ടുവെന്ന സംശയത്തെക്കുറിച്ചോ, ബി




ഷപ്പ് കുണ്ടുകളം പാപിയോ പുണ്യവാളനോ എന്നതിനെക്കുറിച്ചോ, ധ്യാനകേന്ദ്രങ്ങളിലെ തട്ടിപ്പുകളെക്കുറിച്ചോ ഒക്കെ ആദ്യമായി പരസ്യമായി ചിന്തിച്ചത് ഇത്തരം പ്രസിദ്ധീകരണങ്ങളാണ്. ആരും ആർക്കും തൊടാനാവാത്ത ഉയരത്തിലല്ല എന്നു തെളിയിക്കാനെങ്കിലും അവർക്കു കഴിഞ്ഞു.

ഇൻറർനെറ്റിൽ വൃത്തികേടുകളൊപ്പിക്കുന്നവർ കൃത്രിമമായി സൃഷ്ടിക്കുന്ന നമ്മുടെ പ്രശസ്തനടികളുടെ നഗ്നചിത്രങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുക; മുഴുവൻ വസ്തുതകളുമറിയാതെ തെറ്റു ചെയ്യാത്തവരെക്കുറിച്ചും കുറ്റം പറഞ്ഞ് അവരെ സമൂഹത്തിൻെറ സംശയദൃഷ്ടിയിലാക്കുക, പരസ്പരം ചെളിവാരിയെറിയുക (പാൽക്കോ ക്രൈമും ക്രൈംസ്റ്റാറും തമ്മിലുള്ള തുറന്ന പോരാട്ടം ശ്രദ്ധിക്കുക) എന്നിങ്ങനെ ഒട്ടേറെ മഞ്ഞപ്പത്രസ്വഭാവങ്ങൾ നിലനിർത്തുന്നുണ്ടെങ്കിലും ഇത്തരം പ്രസിദ്ധീകരണങ്ങൾ ജനപ്രിയമായതിനുപിന്നിലെ കാരണം വൻപത്രങ്ങളുടെ ഒളിച്ചുകളി തന്നെയാണ്.

ഇത്തരം പ്രസിദ്ധീകരണങ്ങളുടെ മഞ്ഞമുഖം നീക്കിനിർത്തിക്കൊണ്ട് അവയുടെ പോസിറ്റീവ് ആയ വശങ്ങളെ നിലനിർത്തുന്ന ഒരു ധീരപരീക്ഷണം സംഭവിക്കുകയാണ് ഈ രംഗത്ത് ഉടനെ ഉണ്ടാകേണ്ടത്. കലാകൗമുദി കുടുംബത്തിൽ നിന്നു വരുന്ന ഫയർ ഇക്കൂട്ടത്തിൽ ഒരു പ്രതീക്ഷ നൽകുന്നുണ്ട്. പക്ഷെ ഒരു പരിധിവിട്ടാൽ പത്രപ്രവർത്തനം സ്ഥാപനവൽക്കരിക്കപ്പെടുന്ന ചുറ്റുപാടിൽ ആരാലും സ്വാധീനിക്കപ്പെടാത്ത നിതാന്തജാഗ്രതയുമായി വീറും ഉശിരുമായി ഒരു പ്രസിദ്ധീകരണം ഉണ്ടാകുമോ?